**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4863** **11-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധന നിരോധന നിയമം കർശനമാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കാനും ഒപ്പം കേന്ദ്ര സ്ത്രീധന നിരോധന നിയമത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ ചട്ടം കർശനമായി നടപ്പാക്കാനുമായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കാനും കേന്ദ്ര സ്ത്രീധന നിരോധന നിയമത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ ചട്ടം കർശനമായി നടപ്പാക്കാനുമായി വനിതാ-ശിശുവികസന വകുപ്പും പൊലീസ് വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വിവാഹ സമ്മാനമായി പണവും സ്വർണ്ണവും വസ്തുവകകളും വീടും വരുമാന സ്രോതസ്സുകളായ കെട്ടിടങ്ങളും ഉൾപ്പെടെ വിവാഹം കഴിയ്ക്കുന്ന പുരുഷന്മാർക്കു നൽകുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് രേഖാമൂലം പരാതി ലഭിക്കുമ്പോൾ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന വധൂ വരന്മാരുടെ മാതാപിതാക്കൾക്കെതിരെ കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്തു എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തുവെന്ന കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ; കേസ്സുകളിൽ എത്ര പേർക്ക് ശിക്ഷ നൽകുവാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ? | (സി) | സ്ത്രീധന നിരോധന നിയമപ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പൊലീസ് കേസുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സമീപ കാലങ്ങളിൽ വർദ്ധിച്ചുവരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

സംസ്ഥാനത്തെ ഐ. സി. ഡി. എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ

പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender Relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കി. പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വനിതാ-ശിശുവികസന വകുപ്പ്, 'കനൽ' കർമ്മ പദ്ധതി ആവിഷ്ക്കരിക്കുകയും വിവിധ ദൃശ്യമാധ്യങ്ങൾ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 181 ഹെൽപ്പ് ലൈൻ നമ്പർ അച്ചടിച്ച ഒരു ലക്ഷം പോസ്റ്ററുകൾ സംസ്ഥാനത്തൊട്ടാകെ പ്രദർശിപ്പിക്കുകയും അതിക്രമങ്ങൾക്കെതിരെ zero tolerance to violence പുലർത്തിക്കൊണ്ട് 'കനൽ ലോഗോ' പ്രകാശനം ചെയ്തിട്ടുമുണ്ട്.

സ്ത്രീധന നിരോധന നിയമപ്രകാരം ഏതെങ്കിലും കുറ്റകൃത്യങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിവ് ലഭിച്ചാൽ ഉടൻ തന്നെ നിയമലംഘനം നടത്തിയവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്ത്രീധന പീഡനം, സ്ത്രീ സുരക്ഷ എന്നിവ സംബന്ധിച്ചുള്ള പരാതികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി 24 മണിക്കൂറും സേവനം നൽകുന്ന ERSS Help line സംവിധാനം പ്രയോജനപ്പെടുത്തിയും പൊതു ഇടങ്ങളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പൊലീസിന്റെ സേവനം ഉറപ്പ് വരുത്തിയും സ്ത്രീകളുടെ പരാതികൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി 'നിർഭയ', 'അപരാജിത' എന്നീ പദ്ധതികൾ കാര്യക്ഷമമായി ഉപയോഗിച്ചും വനിതാ പൊലീസ് സ്റ്റേഷൻ, വനിതാ സെൽ എന്നിവിടങ്ങളിൽ

ലഭിക്കുന്ന പരാതികൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹാരം കാണുകയും ചെയ്യുന്നു. സ്ത്രീധന സംബന്ധിയായ പരാതികൾക്ക് ഉടൻ പരിഹാരം കണ്ടെത്തിയും കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു.

**<u>അനുബന്ധം II</u>**

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| 2016 | 11 |
| 2017 | 13 |
| 2018 | 7 |
| 2019 | 9 |
| 2020 | 4 |
| 2021 (04/08/2021 വരെ) | 15 |